# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2818** **12.03.2018-ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ മത്സ്യകൃഷിയ്ക്ക് പ്രോത്സാഹനം**

ചോദ്യം

ശ്രീ.പി.വി. അൻവർ

എ) നിലമ്പൂർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷിക്കാർക്കും ഉൾനാടൻ മത്സ്യ വർദ്ധനവിന് വഴിയൊരുക്കുന്നവർക്കും പ്രോത്സാഹനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ;

മറുപടി

ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) നിലമ്പൂർ മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷിക്കാർക്കും ഉൾനാടൻ മത്സ്യ വർദ്ധനവിന് വഴിയൊരുക്കുന്നവർക്കും പ്രോത്സാഹനം നൽകുന്നതിന് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 2016-17 വർഷത്തിൽ മത്സ്യസമൃദ്ധി - II എന്ന പദ്ധതിയിലൂടെ നിലമ്പൂർ മണ്ഡലത്തിലെ 530 മത്സ്യകർഷകർക്ക് 90.7 ഹെക്ടർ കുളങ്ങളിലേയ്ക്കായി 870340 കാർപ്പ് ഇനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. കൂടാതെ സംയോജിത മത്സ്യകൃഷി എന്ന സ്കീമിൽ ഒരു ഹെക്ടറിന് 40000/- രൂപ നിരക്കിൽ (ഒരു ഹെക്ടർ വിസ്തൃതിയിൽ) മൂന്ന് കർഷകർക്കും, പടുതാക്കുളം എന്ന സ്കീമിൽ ഒരു യൂണിറ്റിന് 10000/- രൂപ നിരക്കിൽ രണ്ട് കർഷകർക്കും, കുളങ്ങളിലെ കൂട് കൃഷി എന്ന സ്കീമിൽ ഒരു യൂണിറ്റിന് 40,000/- രൂപ നിരക്കിൽ ഒരു കർഷകനും സബ്സിഡി അനുവദിച്ചു.

2017-18 വർഷത്തിൽ നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്ന പദ്ധതിയിലൂടെ ഒരു ഹെക്ടറിന് 1.50 ലക്ഷം രൂപ സബ്സിഡി നിരക്കിൽ മാതൃകാ മത്സ്യക്കുളം എന്ന പദ്ധതി യിലുൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിൽ 7.5 ഹെക്ടർ വിസ്തൃതിയിൽ 22 മത്സ്യ കർഷകർ മത്സ്യകൃഷി ചെയ്തു വരുന്നു. കൂടാതെ ചെറിയകുളം, വലിയ കുളം എന്നീ പദ്ധതി യിലുൾപ്പെടുത്തി 521 മത്സ്യകർഷകർക്ക് 66.5 ഹെക്ടർ വിസ്തൃതിയിലുള്ള കുളങ്ങളിലേക്കായി 623795 കാർപ്പ് ഇനം മത്സ്യക്കുഞ്ഞുങ്ങൾ വിതരണം ചെയ്തു.

ഉൾനാടൻ പൊതുജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി യാണ് പൊതു ജലാശയങ്ങളിലെ മത്സ്യക്കുഞ്ഞു ങ്ങളുടെ നിക്ഷേപം അഥവാ റാഞ്ചിംഗ്, ചാലിയാർ പുഴയുടെ മത്സ്യസമ്പത്ത് **പുനരുജ്ജീവിപ്പിക്കുക** എന്ന ലക്ഷ്യം മുൻ നിർത്തി ചാലിയാറിന്റെ പോഷകനദി കരിമ്പുഴയിൽ 170000 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

ബി) എന്തൊക്കെ പദ്ധതികളാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലേക്കായി ഗുണഭോക്താക്കളെ ലഭിക്കുന്ന മുറയ്ക്ക് 2018-19 വർഷത്തിൽ 40 ശതമാനം സബ്സിഡി നിരക്കിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| ക്രമ നം | പദ്ധതി | യൂണിറ്റ് കോസ്റ്റ് |
|---|---|---|
| 1 | ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി | 2.5 ലക്ഷം/ ഹെക്ടർ |
| 2 | ഏകയിന (എയർ ബ്രീത്തിങ്ങ്) മത്സ്യകൃഷി | 16 ലക്ഷം/ ഹെക്ടർ |
| 3 | കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി | 12.50 ലക്ഷം/ ഹെക്ടർ |
| 4 | റീ സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം | 6 ലക്ഷം/ ഹെക്ടർ |
| 5 | പടുതാക്കുളങ്ങളിലെ കരിമീൻ കൃഷി | 1.25 ലക്ഷം/ ഹെക്ടർ |
| 6 | അടുക്കള കുളങ്ങളിലെ കരിമീൻ കൃഷി | 13000 /യൂണിറ്റ് |
| 7 | സംയോജിത മത്സ്യകൃഷി | 1 ലക്ഷം / ഹെക്ടർ |
| 8 | കൂടുകളിലെ അലങ്കാര മത്സ്യകൃഷി | 2 ലക്ഷം / യൂണിറ്റ് |

**സെക്ഷൻ ആഫീസർ**